പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2118 | 01/02/2018 ൽ മറുപടി<br>നല്കേണ്ടത്. |

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്ട് (എഫ് എസ് എസ് ആക്ട്) 2006 ന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത ആക്ടിന്റെ സെക്ഷൻ 37 പ്രകാരം പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥൻ ആരാണ്; എഫ്. എസ്. എസ് ആക്ട് പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്താൻ വകുപ്പിലെ ഉദ്യോഗസ്ഥർക്കല്ലാതെ മറ്റാർക്കെങ്കിലും അധികാരമുണ്ടോ; | എ) | പൊതുജനങ്ങൾക്ക് സുരക്ഷിതവും, സമ്പുഷ്ടവുമായ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുക, ഭക്ഷ്യവസ്തുക്കളെ സംബന്ധിച്ചുള്ള നിയമങ്ങൾ ക്രോഡീകരിക്കുക, ശാസ്ത്രീയമായി ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ നിശ്ചയിക്കുന്നതിനു വേണ്ടി ദേശീയ ഭക്ഷ്യസുരക്ഷാ അതോറിറ്റി രൂപീകരിക്കുക, ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം, സംഭരണം, വിതരണം വില്പന, ഇറക്കുമതി എന്നിവ നിയന്ത്രിക്കുക എന്നതാണ് ഈ നിയമത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ.<br>ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് (എഫ് എസ് എസ് ആക്ട്) 2006 സെക്ഷൻ (37) പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർ അധികാരപ്പെടുത്തുന്ന ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർക്കും നിശ്ചിത യോഗ്യതയുള്ള പക്ഷം സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കും പരിശോധന നടത്താവുന്നതാണ്. |
| ബി) | സംസ്ഥാനത്ത് നിലവിൽ എത്ര ഫുഡ് ബിസിനസ്സ് ഓപ്പറേറ്റേഴ്സ് ഉണ്ട്; ഈ സ്ഥാപനങ്ങളിൽ ഭക്ഷ്യ സുരക്ഷാ വിഭാഗം വർഷത്തിൽ എത്ര പ്രാവശ്യം പരിശോധന നടത്താറുണ്ട്; നിലവിലെ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റേഴ്സ് വഴി വിപണിയിൽ എത്തുന്ന ഭക്ഷ്യ വിഭവങ്ങളുടെ ഗുണനിലവാരം തിട്ടപ്പെടുത്തുന്നതിന് ആവശ്യമുള്ള ഉദ്യോഗസ്ഥർ | ബി) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരുടെ ഡാറ്റാ കളക്ഷൻ ആരംഭിച്ചിട്ടുണ്ട്. എന്നാൽ അത് പൂർത്തിയായിട്ടില്ല. എന്നിരുന്നാലും എഫ് എസ് എസ് ഐ യുടെ ഫുഡ് ലൈസൻസിംഗ് & രജിസ്ട്രേഷൻ ഓൺലൈൻ സിസ്റ്റം പ്രകാരം സംസ്ഥാനത്ത് 15.01.2018 വരെ ലൈസൻസ്/ രജിസ്ട്രേഷനോടുകൂടി പ്രവർത്തിക്കുന്ന 2,12,633 ഫുഡ് ബിസിനസ്സ് ഓപ്പറേറ്റേഴ്സ് ഉണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ എല്ലാ മാസങ്ങളിലും പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ട്. ഇതു കൂടാതെ നിശ്ചിത ഇടവേളകളിലും ഓണം, റംസാൻ, ബക്രീദ്, ക്രിസ്മസ്സ് - പുതുവത്സരം, തുടങ്ങിയ |

| | | | |
|---|---|---|---|
| | വകുപ്പിന് ഉണ്ടോ; വിശദാംശം നൽകാമോ; | | ആഘോഷവേളകളിലും, ഉത്സവ (ആറ്റുകാൽ പൊങ്കാല, ശബരിമല തുടങ്ങിയവ) സീസണുകളിലും മഴക്കാലത്തും പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്ന സമയങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗം പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ ടോൾഫ്രീ വഴിയും നേരിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും നവമാധ്യമങ്ങളിലെ വാർത്തകളുടെ അടിസ്ഥാനത്തിലും ഇ- മെയിൽ ആയി വരുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഭക്ഷ്യ ഉൽപ്പാദന വിതരണ സംഭരണ വിൽപ്പന സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യ വിഭവങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ എൻ.എ.ബി.എൽ അക്രഡിറ്റേഷനോടു കൂടിയ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമാക്കി 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാം ഭക്ഷ്യവിഭവങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള ഉദ്യോഗസ്ഥർ നിലവിലുണ്ട്. |
| സി) | എത്ര ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ തസ്തികകളാണ് നിലവിൽ ഉള്ളത്; ഇതിൽ ഓരോ നിയോജക മണ്ഡലത്തിലും എത്ര സ്റ്റാഫിനെയാണ് നിയമിച്ചിട്ടുള്ളത്; ഓരോ നിയോജക മണ്ഡലങ്ങളിലും ശരാശരി എഴ് പഞ്ചായത്തുകൾ ഉള്ളതിനാൽ നിലവിലെ സ്റ്റാഫിന്റെ എണ്ണം തീരെ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരു നിയോജകമണ്ഡലത്തിൽ 2 ഭക്ഷ്യ സുരക്ഷാ ഓഫീസർ എന്ന | സി) | സംസ്ഥാനത്ത് 160 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകളാണ് നിലവിലുള്ളത്.<br>ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 കേരളത്തിൽ 2009 ൽ നിലവിൽ വരികയുണ്ടായി. ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ കേരളത്തിൽ മൊത്തം 66 ഫുഡ് സേഫ്റ്റി ഓഫീസർ തസ്തിക മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. എന്നാൽ ഭക്ഷ്യസുരക്ഷാ നിയമം കൂടുതൽ ശാക്തീകരിക്കുന്നതിന്റെ ഭാഗമായും മുനിസിപ്പൽ കോമൺ സർവീസിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ 32 തസ്തികകൾ അവരുടെ സേവന വേതന വ്യവസ്ഥകൾ സഹിതം ഭക്ഷ്യസുരക്ഷാ വകുപ്പിലേക്ക് മാറ്റപ്പെടുകയും കൂടാതെ 62 ഭക്ഷ്യസുരക്ഷാ ഓഫീസറുടെ പുതിയ തസ്തികകൾ കൂടി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>ഒരു നിയോജകമണ്ഡലത്തിൽ 2 ഭക്ഷ്യസുരക്ഷാഓഫീസർ എന്ന കണക്കിൽ തസ്തിക |

| | | | |
|---|---|---|---|
| | കണക്കിൽ തസ്തിക സൃഷ്ടിച്ച് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുമോ; | | സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല |
| ഡി) | ഭക്ഷ്യപദാർത്ഥങ്ങളിൽ മായം ചേർക്കുന്നതും നിലവാരമില്ലാത്ത ഭക്ഷ്യ ഉൽപ്പന്നങ്ങൾ വിൽക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് നിലവിൽ ഉള്ളത്; ഗുണനിലവാരം ഇല്ലാത്ത ഭക്ഷ്യ പദാർത്ഥങ്ങൾ വിപണിയിൽ വിൽക്കുന്നത് തടയാൻ എന്തെല്ലാം മുൻകരുതലാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി ഭക്ഷ്യ സുരക്ഷ വകുപ്പിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടു വരുമോ; ഇതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുമോ; വിശദമാക്കാമോ? | ഡി) | ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയതും ഗുണനിലവാര മില്ലാത്തതും മിസ്ബ്രാന്റഡുമായ 1219 കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്.<br>ഗുണനിലവാരമില്ലാത്ത ഭക്ഷ്യ പദാർത്ഥങ്ങൾ വിൽക്കുന്നത് തടയുന്നതിനായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ വിപണിയിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ച് പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരം പ്രോസിക്യൂഷനോ, അഡ്ജ്യൂഡിക്കേഷൻ നടപടികളോ സ്വീകരിക്കുന്നു.<br>ഓണം, ബക്രീദ്, ക്രിസ്മസ് കാലയളവിൽ സ്പെഷ്യൽസ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്.<br>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അധിക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ